## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4998** **04-07-2024 - ൽ മറുപടിയ്ക്ക്**

## ഡെസ്റ്റിനേഷൻ ചലഞ്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിനോദ സഞ്ചാര കേന്ദ്രം വികസിപ്പിക്കാൻ വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | **ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". ഈ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>ഈ പദ്ധതിയിൻ കീഴിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രവൃത്തികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ് ബാക്കിതുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ചതിനുശേഷം മാത്രമേ വിനോദസഞ്ചാര വകുപ്പിന്റെ വിഹിതം അനുവദിക്കുകയുള്ളൂ.<br><br>ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് കൂടി വിനിയോഗിക്കുന്നുണ്ട്. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ നാളിതുവരെ 39 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് അപേക്ഷ നൽകേണ്ടത് എങ്ങനെയാണെന്ന് വിശദമാക്കുമോ? | (ബി) | അപേക്ഷ നൽകേണ്ടതിന്റെ നടപടിക്രമം ചുവടെ ചേർക്കുന്നു.<br><br>ഈ പദ്ധതി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി https://apps.keralatourism.org/destination-challenge എന്ന പ്രത്യേക പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിയ്ക്കുള്ളിലെ ടൂറിസം സാധ്യതയുള്ള പ്രദേശം തിരിച്ചറിഞ്ഞ്/ കണ്ടെത്തി പദ്ധതി പ്രൊപ്പോസലിന്റെ ഡിപിആർ തയ്യാറാക്കി ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോം വഴി സമർപ്പിക്കുകയും DPR – ന്റെ ഹാർഡ് കോപ്പി ടൂറിസം വകുപ്പ് ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.<br><br>PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിനൊപ്പം പദ്ധതി പ്രൊപ്പോസലിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്.<br><br>പദ്ധതിയ്ക്കാവശ്യമായ നിയമപരമായ എല്ലാ അനുവാദങ്ങളും ലഭ്യമാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.<br><br>നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഭൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള ലാൻഡ് NOCയും പ്രപ്പോസലിനൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കണം.<br><br>പദ്ധതി പ്രദേശത്തു നിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത ടൂറിസം പദ്ധതിയുടെ കൃത്യമായ നടത്തിപ്പിനും പരിപാലനത്തിനുമായി ഉപയോഗിക്കേണ്ടതാണ്. പദ്ധതി പ്രൊപ്പോസലിനോടൊപ്പം തന്നെ ഈ വരുമാനവും അതിന്റെ ഉപയോഗവും സംബന്ധിച്ചൊരു ബിസിനസ് പ്ലാൻ കൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ